# സുജൂദിലെ പ്രാർത്ഥന

**അബ്ദുൽ ജബ്ബാർ അബ്ദുല്ല**

നബിﷺ സുജൂദിൽ താഴെയുള്ള ദിക്ർ ചൊല്ലിയിരുന്നതായി ഹുദയ്ഫﷺയിൽ നിന്നും ഇമാം തിർമുദി റിപ്പോർട്ട് ചെയ്യുന്ന ഹദീഥിലുണ്ട്:

سبحانَ ربي الأعلَى

"അത്ത്യുന്നതനായ എന്റെ നാഥന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു" [1]

നബിﷺ സുജൂദിൽ താഴെയുള്ള ദിക്ർ ചൊല്ലിയിരുന്നതായി ഉക്ബത്ത് ഇബ്നു ആമിറിﷺൽ നിന്നുള്ള റിപ്പോർട്ടിലുണ്ട്:

سبحانَ ربى الأعلَى وبِحمدِهِ

"മഹോന്നതനായ എന്റെ നാഥനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു." (മൂന്ന് പ്രാവശ്യം) [2]

നബിﷺ താഴെയുള്ള ദുആ സുജൂദിൽ അധികമായി ചൊല്ലിയിരുന്നതായി ആഇശﷺയിൽനിന്ന് സ്വഹീഹുൽ ബുഖാരിയിലുണ്ട്:

سبحانك اللهم ربنا وبِحمدِك اللهم اغْفِر لِي

"ഞങ്ങളുടെ നാഥനായ അല്ലാഹുവേ നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ ഞാൻ പ്രകീർത്തിക്കുന്നു, അല്ലാഹുവേ എനിക്ക് പൊറുത്ത് തരേണമേ"

നബിﷺ നമസ്കാരത്തിൽ സുജൂദ് ചെയ്താൽ ഈ ദുആ ചൊല്ലിയിരുന്നതായി അലിയ്യിﷺൽ നിന്നും ഇമാം മുസ്ലിം റിപ്പോർട്ട് ചെയ്യുന്ന ഹദീഥിലുണ്ട്:

اللهم لَك سجدت وبِك آمنت ولَك أسلَمت سجد وجهِى لِلذِى خلَقَه وصوره وشق سمعه وبصره تبارك الله أحسن الْخالِقين

"അല്ലാഹുവേ നിനക്ക് ഞാൻ സുജൂദ് ചെയ്തു. നിന്നിൽ ഞാൻ വിശ്വസിച്ചു. നിനക്ക് ഞാൻ സമർപ്പിച്ചു. സൃഷ്ടിക്കുകയും രുപപ്പെടുത്തുകയും കണ്ണും കാതും കീറുകയും ചെയ്തവന് എന്റെ മുഖം സുജൂദ് ചെയ്തിരിക്കുന്നു. ഉത്തമനായ സൃഷ്ടികർത്താവ് അല്ലാഹു അനുഗ്രഹ പൂർണ്ണനായിരിക്കുന്നു."

---

[1] അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.

[2] അൽബാനി 'സിഫത്തുസ്സ്വലഃ'യിൽ സ്വഹീഹെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്.